പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 2915 22.02.2016- ലെ മറുപടി

**നഴ്സിങ്ങ് റിക്രൂട്ട്മെന്റ്**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കെ.വി.അബ്ദുൾ ഖാദർ** | | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) നോർക്ക - റൂട്ട്സ് നഴ്സിങ്ങ് റിക്രൂട്ട്മെന്റ് ക്രമക്കേട് സംബന്ധിച്ച് വകുപ്പ് മന്ത്രി അന്വേഷണം പ്രഖ്യാപിച്ചിരുന്നോ; വിശദാംശം നൽകുമോ ; | (എ) | ഇല്ല. |
| (ബി) നോർക്ക - റൂട്ട്സും യു.എ.ഇ.യിലെ അൽസാറ ഏജൻസിയും കൂടി നടത്തിയ നഴ്സിങ്ങ് റിക്രൂട്ട്മെന്റിൽ അപേക്ഷ നൽകിയവരുടെ ലിസ്റ്റ് ലഭ്യമാക്കാമോ;<br>(സി) അപേക്ഷ സമർപ്പിച്ചവരിൽ എത്ര പേർ എഴുത്ത് പരീക്ഷയിൽ യോഗ്യത നേടിയെന്നുള്ള പേര് വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി)<br>(സി) | അൽ സഹാറാ ഗ്രൂപ്പിനു വേണ്ടി നോർക്ക-റൂട്ട്സ് നടത്തിയ റിക്രൂട്ട്മെന്റിൽ അപേക്ഷിച്ച 653 പേർക്ക് ഉദ്യോഗ ദാതാവ് ടെലിഫോണിക്ക് സ്ക്രീനിംഗ്, സ്കൈപ്പ് ഇന്റർവ്യൂ എന്നിവ നടത്തി യോഗ്യത നേടിയവരെയും ലിബിയ, ഇറാക്ക്, യെമൻ എന്നീ രാജ്യങ്ങളിൽ നിന്നും കലാപത്തെത്തുടർന്ന് തിരികെയെത്തിയ അറബി ഭാഷാ പ്രാവീണ്യമുള്ള നഴ്സുമാരെയും, ഉൾപ്പെടെ 204 പേർക്ക് 25/07/2015 ന് തിരുവനന്തപുരത്ത് എം. ഒ. എച്ച് പരീക്ഷയ്ക്ക് അവസരം നൽകിയിരുന്നു. എന്നാൽ ഇതിൽ 12 പേർ മാത്രമേ പരീക്ഷ പാസ്സായിരുന്നുള്ളൂ. ആയതിനാൽ പരസ്യം നൽകി എറണാകുളത്ത് വച്ച് വാക്ക്- ഇൻ ആയി എം. ഒ. എച്ച് പരീക്ഷ നടത്തുകയും അവിടെ നേരിട്ട് ഹാജരായ 638 പേർ പരീക്ഷ എഴുതുകയും ആകെ. 198 പേർ പരീക്ഷ പാസ്സാകുകയും ചെയ്തു. പരീക്ഷ പാസ്സായവരുടെ പേരു വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ഡി) ഇവരിൽ ഇന്റർവ്യൂ പാസ്സായി വിദേശത്ത് ജോലി ലഭിച്ചവരുടെ പേര് വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് ലഭ്യമാക്കാമോ; | (ഡി) | നോർക്ക-റൂട്ട്സ് മുഖാന്തിരം അൽ സഹാറാ ഗ്രൂപ്പിലേക്ക് ജോലി ലഭിച്ച 86 പേരുടെ പേരു വിവരങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു. |

| | | |
|---|---|---|
| (ഇ) ഈ റിക്രൂട്ട്മെന്റിൽ അൽസാറ ഏജൻസിയിൽ നിന്ന് നോർക്ക - റൂട്ട്സിന് കമ്മീഷൻ ലഭിച്ചിട്ടുണ്ടോ; എത്ര തുക ഈയിനത്തിൽ നോർക്ക - റൂട്ട്സിന് ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ? | (ഇ) | ഇല്ല. കേന്ദ്രസർക്കാരിന്റെ 12/03/2015 ലെ F.OI-11012/ 10/2013-EP നം. ഉത്തരവ് പ്രകാരം ഇന്ത്യൻ നഴ്സുമാരുടെ വിദേശറിക്രൂട്ട്മെന്റിന് നോർക്ക-റൂട്ട്സിനെ ചുമതലപ്പെടുത്തിയതിന് ശേഷം ഇ-മൈഗ്രേറ്റ് വഴി നോർക്ക-റൂട്ട്സിന് ലഭിച്ച ആദ്യ ഡിമാൻഡ് (റിക്രൂട്ട്മെന്റ് ഒഴിവ്) യു.എ.ഇ യിലെ അൽ സഹാറാ ഗ്രൂപ്പിന്റേതായിരുന്നു. പ്രസ്തുത അവസരത്തിൽ നോർക്ക-റൂട്ട്സിന് റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് വരുന്ന ചെലവുകൾ വഹിക്കുന്നതിന് വിദേശ തൊഴിൽദാതാക്കളിൽ നിന്നും ഈടാക്കുന്ന സർവ്വീസ് ചാർജ്ജ് നിജപ്പെടുത്തിയിട്ടില്ലാതിരുന്നതിനാൽ പ്രസ്തുത റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട ചെലവുകൾ വിദേശ തൊഴിൽ ദാതാവായ അൽ സഹാറാ ഗ്രൂപ്പ് ആണ് വഹിച്ചത്. ഈ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് തെരഞ്ഞെടുത്തവരിൽ നിന്ന് നോർക്ക റൂട്ട്സോ, വിദേശ തൊഴിൽ ദാതാവോ യാതൊരു ചാർജ്ജും ഈടാക്കിയിട്ടില്ല. നോർക്ക റൂട്ട്സിലെ ചില ജീവനക്കാരുടെ സേവനം ഇതിനായി ഉപയോഗിച്ച തൊഴികെ കാര്യമായ ചെലവ് ഈ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് നോർക്ക റൂട്ട്സിന് ഉണ്ടായിട്ടില്ല. യു.എ.ഇ യിൽ മാത്രം നടത്തുന്ന യു.എ.ഇ ആരോഗ്യമന്ത്രാലയത്തിന്റെ പരീക്ഷ (UAE - MOH) ഉദ്യോഗാർത്ഥികൾക്ക് കേരളത്തിൽ എഴുതുന്നതിനുള്ള അവസരവും, പ്രസ്തുത ഒഴിവുകളിലേയ്ക്ക് ഇറാഖ്/ലിബിയ/യെമൻ രാജ്യങ്ങളിൽ നിന്നും തിരികെയെത്തിയ നഴ്സുമാർക്ക് അവസരം നൽകുവാനും വിദേശ തൊഴിൽ ദാതാവ് തയ്യാറായിരുന്നു. ഇപ്പോൾ നോർക്ക റൂട്ട്സിന് റിക്രൂട്ട്മെന്റിന് വേണ്ടി വിദേശ തൊഴിൽ ദാതാവിൽ നിന്നും ഈടാക്കാവുന്ന തുക സംബന്ധിച്ച് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. അതനുസരിച്ച് വിദേശ തൊഴിൽ ദാതാവിൽ നിന്നും ഈ തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച വരുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്